# സ്വാതന്ത്ര്യങ്ങൾക്ക് കൂച്ചുവിലങ്ങിടാനോ ഈ പുതിയ കോഡ് ?

അഡ്വ. ഷെറി ജെ തോമസ്

പതിറ്റാണ്ടുകളായി ജനാധിപത്യം തുടർച്ചയായി നിലനിർത്തിപ്പോരുന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. മറ്റ് പല രാജ്യങ്ങളിലും ഇടക്കാലത്ത് ജനാധിപത്യവ്യവസ്ഥകൾ തകിടം മറിഞ്ഞപ്പോഴും ഇന്ത്യയിൽ മതേതര-ജനാധിപത്യ തത്വങ്ങൾക്ക് ഭംഗമുണ്ടായില്ല. ഇന്ത്യയിലെ ഓരോ പൗരനും ഇന്ത്യൻ ഭരണഘടന മൗലീകാവകാശങ്ങളുടെ പട്ടിക ലോകപ്രശസ്തമാണ്. എന്നിരിക്കിലും മൗലീക സ്വാതന്ത്ര്യങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. പക്ഷെ അങ്ങനെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ അത് സാമാന്യമായ ഒന്നല്ലെങ്കിൽ വിമർശനങ്ങളുണ്ടാകും, ചോദ്യം ചെയ്യലുകളുണ്ടാകും.

**വുമൻൺസ് കോഡ് – നിയന്ത്രണങ്ങൾ വിമർശിക്കപ്പെടുന്നു.**

കുട്ടികളുടെയും സ്ത്രീകളുടെയും അവകാശ സംരക്ഷണത്തിനു വേണ്ടി കേരള സർക്കാർ (വി എസ് അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത്) രൂപം നൽകിയ 12 അംഗ കമ്മീഷൻ പൊതുവെ സ്വീകാര്യമായ ഒരുപാട് നല്ല അവകാശസംരക്ഷണ നിർദ്ദേശങ്ങൾ (Kerala Womens Code Bill 2011) സർക്കാരിന് നൽകിയിട്ടുണ്ട്. എന്നാൽ അനവസരത്തിൽ വേണ്ടത്ര പഠനങ്ങളില്ലാതെ ഉൾപ്പെടുത്തിയ ചില നിർദ്ദേശങ്ങളുടെ വിമർശനങ്ങൾ ശക്തമായപ്പോൾ, ശേഷിക്കുന്ന നല്ല വശങ്ങൾ പോലും അതുമൂലം മങ്ങിപ്പോയി.

സന്താന നിയന്ത്രണത്തിന് കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങളാണ് ഏറ്റവും അധികം വിമർശനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നത്. മൂന്നാമത്തെ കുട്ടിയുണ്ടാകുന്നത് എന്തോ വലിയ അപരാധമാണ് എന്ന നിലയിലുള്ള കമ്മീഷൻ നിർദ്ദേശം വിവിധ കോണുകളിൽ നിന്ന് ആക്ഷേപം വിളിച്ചുവരുത്തി. 12 അംഗ കമ്മീഷനിൽ 5 അംഗങ്ങൾ ഈ നിർദ്ദേശത്തെ എതിർത്തുവെന്നാണ് പറയപ്പെടുന്നതെങ്കിലും എതിർപ്പുകളൊന്നും തന്നെ ഔദ്യോഗിക രേഖകളിൽ ഇടം പിടിച്ചിട്ടില്ല. ചില അംഗങ്ങൾ ഇതിനെതിരെ പരസ്യമായി രംഗത്തുവരുകയും ചെയ്തു. മൂന്നാമത്തെ കുട്ടിയുണ്ടായാൽ പിഴയും ജയിൽ ശിക്ഷയുമൊക്കെ വിഭാവനം ചെയ്യുന്ന നിർദ്ദിഷ്ഠ നിയമം വ്യാപകമായി എതിർക്കപ്പെടുന്നുണ്ട്. അതുകൊണ്ടായിരിക്കാം ചർച്ചകൾക്കുശേഷം മാത്രമേ ഇവ പ്രാബല്യത്തിലാക്കൂയെന്ന് മുഖ്യമന്ത്രി മുൻകൂട്ടി വ്യക്തമാക്കിയത്. ഗർഭച്ഛിദ്രത്തിന് ആശുപത്രികളിൽ സൗജന്യസംവിധാനമൊരുക്കി, ഗർഭചിദ്രം പ്രോത്സാഹിപ്പിക്കണമെന്ന് പറയുന്ന രീതിയിലേക്ക് ഒരു നിയമത്തെ നിർദ്ദേശിക്കുമ്പോൾ (അത്യാവശ്യ ഘട്ടങ്ങളിലൊഴികെ) ഇന്നും ഗർഭചിദ്രം ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ച് ഒരു കുറ്റകൃത്യമാണെന്നുള്ള വസ്തുതയാണ് മറക്കുന്നത്. അതിനപ്പുറത്ത് മൂല്യങ്ങളും മനുഷ്യാവകാശവുമൊക്കെ പാടെ അവഗണിക്കപ്പെടുകയും ചെയ്യുന്നു.

പ്രതുൽപാദനത്തെ പ്രോത്സാഹിപ്പിക്കുന്ന, ജീവനെ പരിപോഷിപ്പിക്കുന്ന എല്ലാ പ്രസ്ഥാനങ്ങളെയും മതങ്ങളെയും ചട്ടക്കൂടിലാക്കി, ശിക്ഷാർഹമാക്കുന്ന രീതി അപലപനീയമെന്നേ പറയേണ്ടൂ. ദേശീയ ജനസംഖ്യാ നയത്തിനനുകൂലമെന്ന് പറഞ്ഞ് ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരുമ്പോഴും ഇതു സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ലെന്ന് കമ്മീഷൻ അംഗങ്ങൾ തന്നെ സമ്മതിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ മാനവ വിഭവശേഷിയുള്ള, നമ്മുടെ രാജ്യത്തിന്റെ പല വികസന സ്വപ്നങ്ങൾക്കുമുള്ള തിരിച്ചടിയായ ഇത് മാറിയേക്കും.

**വിവാഹ മോചനത്തിന് ഇനി കുടുംബകോടതികൾ വേണ്ടന്നോ ?**

കേരളത്തിൽ ഏറ്റവും കൂടുതൽ തിരക്കുള്ള കോടതികളിലൊന്നാണ് കുടുബകോടതികൾ. ചെറുപ്പക്കാരായ വിവാഹമോചന കാംക്ഷികളെ കൊണ്ട് തിങ്ങി നിറഞ്ഞ കുടുംബകോട തികൾ നമുക്ക് അപരിചിതമല്ല. കുടുംബകോടതികളിലെ ആദ്യ നടപടി കൗൺസിലിംഗ് ആയതുകൊണ്ട്, നിരവധി അനാവശ്യമായതും, തിടുക്കത്തിലുള്ളതും, ബാഹ്യപ്രേരണ യാലുള്ളതുമായ വിവാഹമോചന ഹർജികൾ രമ്യതയിൽ തിർന്ന്, ഭാര്യാഭർത്താക്കൻമാർ ഒന്നിക്കാറുണ്ട്. എന്നാൽ പുതിയ നിർദ്ദേശത്തിൽ വിവാഹ മോചനങ്ങൾ ഉഭയകക്ഷിസമ്മ തപ്രകാരം തീർപ്പാക്കാൻ ഇനി കോടതിയിൽ പോലും പോകണ്ട, അതിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ചാൽ മതിയെന്നാണ് പറയുന്നത്. ഇപ്പോൾ തന്നെ ഉഭയകക്ഷി സമ്മ തപ്രകാരമുള്ള വിവാഹമോചനങ്ങൾ തിടുക്കത്തിൽ തീർക്കരുതെന്നും പുനരാലോചനയ്ക്ക് നിയമപ്രകാരമുള്ള സമയമായ 6 മാസക്കാലയളവ് വെട്ടിക്കുറയ്ക്കരുതെന്നും ഉന്നത നീതി പീഠങ്ങളിൽ നിന്ന് വിധിന്യായങ്ങൾ ഉള്ളതാണ്. അങ്ങനെയിരിക്കെ വിവാഹമോചനം വളരെ എളുപ്പമാക്കിയാൽ, കുടുംബ ഭദ്രത തകരാറിലാക്കുന്ന, അനേകം കുട്ടികൾക്ക് മാതാപിതാ ക്കളെ നഷ്ടപ്പെടുന്ന, നിസ്സാര കാര്യങ്ങൾക്കുപോലും ഉടനടി വിവാഹമോചനം നേടിയെ ടുക്കുന്ന ഒരു ഡൈവോർസ് സംസ്കാരം കേരളത്തിൽ സാധാരണമാകും.

കുടുംബകോടതികളിൽ കേസ് നടത്തി കക്ഷികൾ ക്ഷമ നശിക്കുമ്പോൾ എല്ല തർക്കങ്ങളും ആരോപണങ്ങളും പിൻവലിച്ച് എങ്ങനെയെങ്കിലും വിവാഹമോചനം കിട്ടിയാൽ മതിയെന്ന തീരുമാനത്തിൽ എത്തുന്ന കക്ഷികളുടെ എണ്ണം ഇന്ന് കൂടിവരുന്നു. ഉഭയകക്ഷി സമ്മത പ്രകാരമുള്ള വിവാഹമോചനത്തിനാണെങ്കിൽ ആകെ രണ്ടു തവണ മാത്രം കോടതിയിൽ പോയാൽ മതി. വിസ്തരിച്ചുള്ള തെളിവെടുപ്പോ വാദമോ വേണ്ട; എളുപ്പം കാര്യം നട ക്കും. ഇനി കാര്യങ്ങൾ ഇതിലും എളുപ്പമാക്കി വിവാഹമോചിതരുടെ ജനസംഖ്യ വർദ്ധി പ്പിക്കാൻ മാത്രം ഉപകരിക്കുന്നവയാണ് പുതിയ നിർദ്ദേശങ്ങളെന്ന് പരക്കെ വിമർശിക്കപ്പെ ടുന്നു. കുട്ടികളുടെയും സ്ത്രീകളുടെയും അവകാശ സംരക്ഷിത്തിനായി ഉണ്ടാക്കിയ കമ്മീ ഷൻ വിവാഹമോചിതരായ ഏകസ്ഥകളായ നിരവധി സ്ത്രീകളെയും മാതാപിതാക്കളുടെ സ്നേഹം ലഭിക്കാത്ത അവരോടൊപ്പമൊരുമിച്ച് ജിവിക്കാൻ അവസരമില്ലാത്തെ ഒരു പറ്റം കുട്ടികളെയും സൃഷ്ടിക്കാനാകും കൂടുതൽ ഉതകുക.